കോവിഡ് നിയന്ത്രണങ്ങൾ പ്രകാരം ബാറുകൾക്ക് പ്രവർത്തനാനുമതി നിഷേധിച്ച സാഹചര്യത്തിൽ വ്യാജ വാറ്റും,അനധികൃത മദ്യ വിൽപ്പനയും തടയുന്നതിന് കർശന നടപടിയുമായി റൂറൽ ജില്ലയിൽ പോലീസ്. ഇത് സംബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് ജില്ലയിലെ എല്ലാ ഡി.വൈ.എസ്.പി മാർക്കും, എസ്.എച്ച്.ഒ മാർക്കും നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് പരിശോധനകൾ കർശനമാക്കി. കഴിഞ്ഞ ദിവസം വാറ്റുചാരായവുമായി ഉല്ലാസ് തോമസ് എന്നയാളെ കാലടി പോലിസ് സ്റ്റേഷൻ പരിധിയിൽ നിന്നും പോലീസ് പിടികൂടിയിരുന്നു. കാറിലാണ് ഇയാൾ വിൽപ്പന നടത്തിയിരുന്നത്. മുൻ കാലങ്ങളിൽ ഇത്തരം കേസുകളിൽ പ്രതികളായിട്ടുള്ളവരുടെ പ്രവർത്തനങ്ങൾ പോലീസ് നിരീക്ഷിച്ചു വരികയാണ്. ഇവർ വീണ്ടും കേസുകളിൽ ഉൾപ്പെട്ടാൽ ഇവർക്കെതിരെ കാപ്പ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു. കോവിഡിന്റെ ഒന്നാം തരംഗ കാലയളവിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പ്രകാരം ബാറുകൾ അടച്ചിട്ടിരുന്ന സമയത്ത് ഇത്തരത്തിലുള്ള പോലീസ് പരിശോധനകളുടെ ഫലമായി വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ വ്യാജ വാറ്റും,അനധികൃത മദ്യ വിൽപ്പനയും നടത്തിയ നിരവധി കേസുകൾ പിടികൂടിയിരുന്നു. സാനിറ്റൈസർ നിർമ്മാണത്തിനും, വിതരണത്തിനുമായി എത്തിക്കുന്ന സ്പിരിറ്റ് ഇത്തരത്തിൽ വ്യാജ മദ്യ നിർമ്മാണത്തിനും മറ്റുമായി ഉപയോഗിക്കുന്നുണ്ടോ എന്നും പോലീസ് നിരീക്ഷിക്കുമെന്നും എസ്.പി കാർത്തിക്ക് പറഞ്ഞു.